# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 262 01.12.2014-ൽ മറുപടിയ്ക്ക്

### മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ്ജ് | | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം വർദ്ധിച്ചുവരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | (എ) | 2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വനപ്രദേശങ്ങളിലും, വനത്തിനോട് അടുത്ത് പ്രദേശങ്ങളിലും മറ്റും സായുധ മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് സംശയിക്കുന്നു. സുരക്ഷാകാരണങ്ങളാൽ കൂടുതൽ വിവരം വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| ബി) സമീപകാലത്തുണ്ടായ അക്രമ സംഭവങ്ങളിൽ മാവോയിസ്റ്റുകളുടെ പങ്ക് സ്ഥിരീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | വയനാട് വെള്ളമുണ്ടയിൽ പ്രമോദ് എന്ന പോലീസ് ഉദ്യോഗസ്ഥന്റെ വീട്ടിൽ അതിക്രമിച്ച് കയറുകയും മോട്ടോർസൈക്കിൾ കത്തിക്കുകയും ചെയ്തത് മാവോയിസ്റ്റുകൾ ആണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. മറ്റു മൂന്നു ആക്രമണങ്ങളിൽ (27.10.2013-ന് കോഴിക്കോട്, ചൂരണിമലയിൽ എസ്കവേറ്റർ കത്തിച്ചത്, 10.11.2014-ന് എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചത്, 18.11.2014-ന് വയനാട്, തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചത്) മാവോയിസ്റ്റ് സാന്നിദ്ധ്യം ഉള്ളതായി സംശയിക്കുന്നു. |
| സി) ഇത്തരം സംഘടനകളിൽ നിന്നും നേരിടുന്ന ഭീഷണികൾ തടയുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ? | (സി) | സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം നിരീക്ഷിക്കാനും, അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടു കൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടു വരുന്നത്. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾക്കായി പോലീസിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. മാവോയിസ്റ്റു വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കണ്ണൂർ റേഞ്ച് ഡി. ഐ. ജി. യെ മാവോയിസ്റ്റ് വിരുദ്ധപ്രവർത്തനങ്ങളുടെ മേധാവിയായി നിയമിച്ചി ട്ടുണ്ട്. |

വനമേഖലയിൽ മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ വനം വകുപ്പുമായി ചേർന്ന് പോലീസ് വിവിധ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ